# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3336.

08-11-2019 ൽ മറുപടിയ്ക്ക്

## പാടശേഖരങ്ങളുടെ സംരക്ഷണം

**ചോദ്യം**

ശ്രീ.ടി.എ.അഹമ്മദ് കബീർ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മങ്കട നിയോജക മണ്ഡലത്തിലെ അങ്ങാടിപ്പുറം പഞ്ചായത്തിലെ ചാത്തനല്ലൂർ, പൂപ്പലം പാടശേഖരങ്ങൾ വെള്ളം കയറി കൃഷി നാശം സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പാടശേഖരങ്ങൾ വെള്ളം കയറി കൃഷിനാശം സംഭവിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) | ചെറുപുഴയിലേയ്ക്ക് ഒഴുകിയെത്തുന്ന തോടിന്റെ ഇരുവശങ്ങളിലുമുള്ള സംരക്ഷണഭിത്തി പലയിടങ്ങളിലായി പൊട്ടിപ്പോയതാണ് പാടശേഖരങ്ങളിലേയ്ക്ക് വെള്ളം കയറാൻ കാരണമായത്. |
| (സി) | പ്രസ്തുത കാരണങ്ങൾക്ക് ഫലപ്രദമായ രീതിയിൽ ശാശ്വത പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) & (ഡി) | തോടിന് ഇരുവശവും സ്ഥായിയായി സംരക്ഷണഭിത്തി കെട്ടി തോടിന് ആഴം കൂട്ടേണ്ട ഭാഗങ്ങളിൽ ആഴം കൂട്ടി തടയിണകൾ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യേണ്ടതായുണ്ട്. ഇതിനായി ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | ചെറുപുഴയിലേക്ക് ഒഴുകി എത്തുന്ന തോടിന്റെ സംരക്ഷണഭിത്തി കാലോചിതമായി പുതുക്കി പണിയുന്നതിന് വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ